**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സെന്റ്.തെരേസാസ് കോളേജ്, എറണാകുളം (സ്വയംഭരണം) - 2017 അഡ്മിഷൻ ബിരുദ പ്രോഗ്രാമുകൾക്ക് കോളേജ് സ്വീകരിച്ചിട്ടുള്ള ഗ്രേഡിംഗ് രീതി അംഗീകരിച്ചുകൊണ്ട്, ടി ബാച്ചിലെ അർ ഹരായ വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5160/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.11.2020

---

*പരാമർശം:*-1) സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ 12/10/2020-ലെ STCAU/525/2020 നമ്പർ കത്ത് .
2) 17/12/2019-ലെ 6480/ACB 7/2019/എം.ജി.യു. നമ്പർ ഉത്തരവ്.
3) 28/10/2020-ലെ STCAU/563/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.തെരേസാസ് കോളേജിൽ 2017-'20 അധ്യയന വർഷം ബിരുദ പ്രോഗ്രാമുകൾക്ക് സർവ്വകലാശാലയുടേതില്നിന്നും നിന്നും വ്യത്യസ്തമായ ഗ്രേഡിംഗ് രീതി ആണ് സ്വീകരിച്ചിട്ടുള്ളത്. മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 (മൂന്നാം ഭേദഗതി 2014), അധ്യായം IX പ്രകാരം സ്വയംഭരണ കോളേജുകളിൽ നടത്തുന്ന പ്രോഗ്രാമുകളുടെ ഗ്രേഡിംഗ് - മൂല്യനിർണ്ണയ രീതി, ഡ്യൂറഷൻ, ക്രെഡിറ്റുകളുടെ എണ്ണം എന്നിവയ്ക്ക് സർവ്വകലാശാലയുടെ ഗ്രേഡിംഗ് മൂല്യനിർണ്ണയ രീതി, ഡ്യൂറഷൻ, ക്രെഡിറ്റുകളുടെ എണ്ണം എന്നിവയുമായി ഗണ്യമായ സാമ്യം ഉണ്ടായിരിക്കേണ്ടതാണ്.

2017-ൽ സർവ്വകലാശാല ബിരുദ പ്രോഗ്രാമുകളുടെ റഗുലേഷൻ പരിഷ്കരിച്ചുകൊണ്ട് UG CBCS Regulation 2017 നടപ്പിലാക്കിയിരുന്നു. എന്നാൽ ടി റഗുലേഷൻ പ്രകാരമുള്ള മാറ്റം സെന്റ്.തെരേസാസ് കോളേജിൽ 2017 മുതൽ നടപ്പിൽ വരുത്തിയിട്ടില്ല. 2015 മുതൽ കോളേജ് സ്വീകരിച്ചിട്ടുള്ള ഗ്രേഡിംഗ് രീതി തന്നെയാണ് 2017 അധ്യയന വർഷവും ടി കോളേജിൽ പിന്തുടരുന്നത്. ഗ്രേഡിങ്ങിൽ സർവകലാശാല 2017-ൽ വരുത്തിയിട്ടുള്ള മാറ്റം 2018 അഡ്മിഷൻ മുതൽ കോളേജിൽ നടപ്പിൽ വരുത്തിയിട്ടുണ്ട് എന്നും, ടി കോളേജ് 2017 അധ്യയന വർഷം സ്വീകരിച്ചിട്ടുള്ള ഗ്രേഡിംഗ് രീതി അംഗീകരിച്ചുകൊണ്ട് ടി ബാച്ചിലെ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ/ഡിഗ്രി സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും പരാമർശം-1 മുഖാന്തരം പ്രിൻസിപ്പൽ അപേക്ഷിച്ചിരുന്നു.

കൂടാതെ ടി കോളേജിൽ 2017 അധ്യയന വർഷം ബിരുദ പ്രോഗ്രാമുകളിലേക്ക് അനുവദനീയമായതിലും അധികം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയതായി കണ്ടെത്തിയിരുന്നു. പ്രസ്തുത വിഷയം 16/11/2019-ലെ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും, കോളേജ് പ്രവേശനം നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം സർവകലാശാല നാമമാത്ര സീറ്റ് വർദ്ധനവ് വഴി അനുവദിക്കാവുന്നപരമാവധി സീറ്റ് എണ്ണത്തിൽ താഴെയാണെങ്കിൽ നാമമാത്ര സീറ്റ് വർധനവിനുള്ള ഫീസും അതിൽ കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ടെങ്കിൽ അധികമായി പ്രവേശനം നൽകിയ ഓരോ സീറ്റിനും 15000 രൂപ വീതം പിഴ ചുമത്തി ക്രമവൽക്കരിക്കാൻ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം-2 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള മുഴുവൻ തുകയും 27/10/2020-ലെ 1811105974, 1811108023, 1811106035, 1811106005 എന്നീ നമ്പറുകളിലുള്ള ചെല്ലാനുകൾ വഴി (2,71,500/-രൂപ) അടച്ച രസീത് പരാമർശം-3 കത്ത് മുഖേന ടി കോളേജ് സർവ്വകലാശാലയിൽ സമർപ്പിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച വസ്തുതകൾ പരിഗണിച്ചുകൊണ്ട് സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.

Draft #1 of File 52697/EI38 SO/2020/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Nov-2020 02:30 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തെരേസാസ് കോളജിൽ 2017 അഡ്മിഷൻ ബിരുദ പ്രോഗ്രാമുകൾക്ക് സർവ്വകലാശാലയുടേതിൽ നിന്നും വ്യത്യസ്തമായി സ്വീകരിച്ചിട്ടുള്ള ഗ്രേഡിംഗ് രീതി അംഗീകരിക്കുന്നതിനും, അർഹരായ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ/ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III. വകുപ്പ് 10(17) പ്രകാരം ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ, സെന്റ് തെരേസാസ് കോളേജ്, എറണാകുളം
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. ഏസിസി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യൂ.എ.സി.
9. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39സെക്ഷൻ
10. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

Draft #1 of File 52697/EI38 SO/2020/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Nov-2020 02:30 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം